പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6208 | 20/11/2019 ൽ മറുപടിക്ക്

## വെറ്റിനറി കേന്ദ്രങ്ങൾ

ചോദ്യം | മറുപടി

**ശ്രീ.വി. അബ്ദുറഹിമാൻ :** | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വെറ്റിനറി ക്ലിനിക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളോ ആധുനിക ചികിത്സാ സൗകര്യങ്ങളോ മതിയായ രീതിയിൽ ഇല്ലായെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | മൃഗസ്നേഹികൾക്കും കർഷകർക്കും സൗകര്യപ്രദമായ തരത്തിൽ വെറ്റിനറി കേന്ദ്രങ്ങൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | കർഷകരുടെ വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിന് വെറ്ററിനറി കേന്ദ്രങ്ങൾ ആധുനികവത്കരിച്ചുകൊണ്ടിരിക്കുകയാണ്. |
| സി) | കൂടുതൽ വിപുലമായ സജ്ജീകരണങ്ങളോടെയും മുഴുവൻ സമയം പ്രവർത്തിക്കുന്ന തരത്തിലും വെറ്റിനറി കേന്ദ്രങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | വെറ്ററിനറി പോളിക്ലിനിക്കുകളിൽ ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാവുന്ന സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | ഭാവിയെ കരുതിയും വർദ്ധിച്ച ആവശ്യമനുസരിച്ചും വെറ്റിനറി കേന്ദ്രങ്ങളിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | ഡി) | ആധുനിക രോഗനിർണ്ണയ സംവിധാനം , കൂടുതൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, ജില്ല താലൂക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികൾക്ക് കൂടുതൽ പ്രവർത്തന സമയം, ഡോക്ടർമാർക്ക് പരിശീലനം, ആധുനിക സാങ്കേതിക വിദ്യയുടെ സഹായം ചികിത്സയിൽ ഉൾപ്പെടുത്തുക എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ